2000-മാണ്ടാകുമ്പോഴേക്ക് എല്ലാ അണുവായുധങ്ങളും പടിപടിയായി ഇല്ലാതാക്കൽ, എല്ലാ രാഷ്ട്രങ്ങൾക്കും സുരക്ഷിതത്വം വാഗ്ദാനംചെയ്യുന്ന ഒരു സമഗ്ര സംവിധാനം, ആത്മരക്ഷയ്ക്കല്ലാതെ ആക്രമണത്തിനായി സൈനിക സംവിധാനങ്ങൾ ഉണ്ടാക്കാതിരിക്കൽ, അന്താരാഷ്ട്രീയ സാമ്പത്തികഭദ്രത, യൂറോപ്പിലേയും ഏഷ്യയിലേയും ശാന്തസമുദ്രപ്രദേശത്തേയും സംഘർഷമേഖലകളിൽ സാധാരണനില പുനഃസ്ഥാപിക്കൽ; നിരായുധീകരണം—അങ്ങനെ പല പുതിയ ആശയങ്ങളും ഇതിനകം ചർച്ചചെയ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. മുതലാളിത്ത രാഷ്ട്രങ്ങളോടും ദരിദ്രരാഷ്ട്രങ്ങളോടുമുള്ള സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുക, ശാസ്ത്ര—സാങ്കേതിക രംഗങ്ങളിൽ നവീകരണം വർദ്ധിപ്പിക്കുക മുതലായ കാര്യങ്ങളും സോവിയറ്റ് റഷ്യയിൽ കൂടുതൽ ശ്രദ്ധയാകർഷിച്ചുതുടങ്ങിയിരിക്കുന്നു.

'സയൻസിലും വിദ്യാഭ്യാസത്തിലും സമഗ്രമായ സംസ്കാരത്തിലും നിഹിതങ്ങളായ സമൂഹത്തിന്റെ ബുദ്ധിപരങ്ങളും ആദ്ധ്യാത്മികങ്ങളുമായ (സ്പിരിച്വൽ) സാദ്ധ്യതകളെ പരമാവധി സക്രിയങ്ങളാക്കാതെ സോഷ്യലിസത്തിന്റെ നവീകരണം അചിന്തനീയമാകുന്നു' എന്ന് പാർട്ടി കോൺഫറൻസ് അംഗീകരിച്ച പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുണ്ട്.

സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ഗോർബ്ബച്ചോവിന്റെ ധീരവും സമർത്ഥവുമായ നേതൃത്വത്തിൽ സോവിയറ്റ് യൂനിയനിലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതി സർവാംഗീണമായ നവീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സംഘർഷാത്മകമായ മനുഷ്യചരിത്രത്തിൽ ഇതു് സഹകരണത്തിന്റേതായ പുതിയൊരു വഴിത്തിരിവ് കുറിക്കുമെന്നാണ് കരുതേണ്ടതു്. അതെങ്ങനെയിരുന്നാലും സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ആഭ്യന്തരകാര്യം മാത്രമായി എണ്ണി ഈ സംഭവവികാസങ്ങളുടെ നേരെ കണ്ണടയ്ക്കുന്നതു് തീർച്ചയായും ബുദ്ധിയുടെ ലക്ഷണമല്ല.

(18 ജൂലൈ, 1988)

## 4. എസ്റ്റോണിയ

കൂടുതൽ സ്വയംഭരണം ആവശ്യപ്പെട്ടുകൊണ്ട് രണ്ടു ലക്ഷം എസ്റ്റോണിയക്കാർ 1988 സെപ്റ്റംബർ 11—ാം തീയതി ടാലിൻ നഗരത്തിൽ പ്രകടനം നടത്തിയതായി സെപ്റ്റംബർ 15—ലെ 'ഹിന്ദു' പത്രത്തിൽ വായിച്ചപ്പോൾ, എനിക്ക് അത്ഭുതം തോന്നി. അതേസമയം, മുദ്രാവാക്യങ്ങൾ വിളിക്കലോ കരിങ്കൊടി കാട്ടലോ ഒന്നുമായിരുന്നില്ല അവരുടെ പ്രകടനരൂപമെന്നും എസ്റ്റോണിയൻ ഭാഷയിലെ ഗാനങ്ങൾ കൂട്ടംചേർന്നു പാടിയാണ് തങ്ങളുടെ ദേശീയാവശ്യം അവർ ഉന്നയിച്ചതെന്നും വായിച്ചപ്പോൾ, അതിൽ അസാധാരണമായി ഒന്നും ഞാൻ കണ്ടില്ല. കാരണം, ഇരുപത്തൊന്നു വർഷം മുമ്പാണെങ്കിലും, എസ്റ്റോണിയയിൽ നടത്തിയ സന്ദർശനവും പലതരത്തിലുള്ള ജനവിഭാഗങ്ങളുമായി അന്നു നടത്തിയ സംഭാഷണങ്ങളും ഇന്നും എന്റെ മനസ്സിൽ മായാതെ കിടപ്പുണ്ട്.

സോവിയറ്റ് യൂനിയനിലെ ഒരു ചെറിയ റിപ്പബ്ലിക് ആയ എസ്റ്റോണിയ ബാൾട്ടിക് കടലിന്റെ വക്കിൽ, റഷ്യയെക്കാളേറെ പടിഞ്ഞാറേ യൂറോപ്പിന്റെ ഭാഗമായി സ്ഥിതിചെയ്യുന്നു. കേരളത്തിന്റെ പകുതിയിൽത്താഴെ (17410 ചതുരശ്ര മൈൽ)വലിപ്പം; പതിനഞ്ചര ലക്ഷത്തിൽ താഴെ ജനസംഖ്യ. കൃഷിയും മത്സ്യബന്ധനവും ഗവ്യവ്യവസായവും മുഖ്യവരുമാനമാർഗങ്ങൾ.

എങ്കിലും, യന്ത്രങ്ങൾ, പ്രത്യേകിച്ചും വൈദ്യുതയന്ത്രങ്ങൾ, നിർമിക്കുന്ന ധാരാളം ഫാക്ടറികൾ. രാജ്യത്തിന്റെ 22 ശതമാനത്തിലേറെ വനപ്രദേശം. ഞങ്ങൾ ചെന്നകാലത്ത് സോവിയറ്റ് യൂനിയനിലെ ഏറ്റവും സമ്പന്നമായ റിപ്പബ്ലിക് എസ്റ്റോണിയയായിരുന്നു. ശരാശരി റഷ്യൻ കർഷകന്റെ വരുമാനത്തിന്റെ ഒന്നര ഇരട്ടിയായിരുന്നു അന്ന് ശരാശരി എസ്റ്റോണിയൻ കർഷകന്റെ വരുമാനം. റോമൻ ലിപി ഉപയോഗിക്കുന്ന എസ്റ്റോണിയൻ ഭാഷയ്ക്ക് റഷ്യൻ ഭാഷയുമായി വർഗപരമായ ബന്ധമില്ല.

സാർ ചക്രവർത്തിമാരുടെ കീഴിൽ റഷ്യൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന കാലത്ത് റഷ്യയിലെ ഏറ്റവും അധികം വ്യവസായവത്കൃതമായ പ്രദേശം എസ്റ്റോണിയ ആയിരുന്നുവത്രേ. ഒക്ടോബർ വിപ്ലവത്തെ തുടർന്ന്, 1917 നവംബറിൽ എസ്റ്റോണിയയിൽ സ്ഥാപിക്കപ്പെട്ട തൊഴിലാളിഭരണത്തെ 1918 മാർച്ചിൽ ജർമൻ സേനകൾ അട്ടിമറിച്ചു. 1918 നവംബറിൽ ജർമൻ സേനകൾ പിൻവാങ്ങി; എങ്കിലും 1919 മെയ് മാസത്തിൽ ബ്രിട്ടീഷ് നാവികസേനയുടെ പിൻബലത്തോടെ ഒരു ജനാധിപത്യ റിപ്പബ്ലിക് എസ്റ്റോണിയയിൽ സ്ഥാപിതമായി. പതിനഞ്ചു വർഷം കഴിഞ്ഞ്, 1934 മാർച്ചിൽ അവിടെ ഒരു ഫാഷിസ്റ്റ് വിപ്ലവം നടന്നു. 1939 ആഗസ്റ്റിൽ ഹിറ്റ്ലറും സ്റ്റാലിനും ചേർന്നുണ്ടാക്കിയ ഉടമ്പടിപ്രകാരം എസ്റ്റോണിയയിൽ റഷ്യൻ മേധാവിത്വത്തെ ജർമനി വീണ്ടും അംഗീകരിച്ചു. 1940 ജൂലൈയിൽ എസ്റ്റോണിയൻ സോഷ്യലിസ്റ്റ് സോവിയറ്റ് റിപ്പബ്ലിക് പ്രഖ്യാപിക്കപ്പെട്ടു; ഈ റിപ്പബ്ലിക് സോവിയറ്റ് യൂനിയനിൽ അംഗമാവുകയും ചെയ്തു. എന്നാൽ, എസ്റ്റോണിയ സോവിയറ്റ് യൂനിയനിലെ അംഗമാണെന്ന വസ്തുത ഇന്നോളം അമേരിക്ക അംഗീകരിച്ചിട്ടില്ല.

ഹിറ്റ്ലർ സോവിയറ്റ് യൂനിയനെ ആക്രമിച്ചപ്പോൾ എസ്റ്റോണിയ വീണ്ടും ജർമനിയുടെ കീഴിലായി. 1941 മുതൽ 1944 വരെ നാത്സി പട എസ്റ്റോണിയ കയ്യടക്കിവെച്ചു. എസ്റ്റോണിയയുടെ തലസ്ഥാനമായ ടാലിൻ പട്ടണത്തിന്റെ 47 ശതമാനവും അക്കാലത്ത് നശിപ്പിക്കപ്പെട്ടു. 1944-ൽ റഷ്യൻ സൈന്യം ജർമൻ സൈന്യത്തെ എസ്റ്റോണിയയിൽനിന്നു തുരത്തി. പിന്നീട് 1954 വരെയുള്ള പത്തു വർഷംകൊണ്ടാണ് ടാലിൻ നഗരം പുനർനിർമിക്കപ്പെട്ടത്. ഇക്കാലത്തൊക്കെ വിദേശീയ സന്ദർശകരെ എസ്റ്റോണിയയിൽ കടത്തിയിരുന്നില്ല. പ്രസിദ്ധ പത്രലേഖകനായ ജോൺ ഗുന്തറിന്, 1957-ൽ സോവിയറ്റ് റഷ്യ സന്ദർശിച്ചപ്പോൾ, ബാൾട്ടിക് സ്റ്റേറ്റുകളിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. എന്നാൽ, 1967-ൽ ടാലിൻ നഗരത്തിനടുത്തുള്ള ഒരു മുക്കുവഗ്രാമം സന്ദർശിച്ച ഞങ്ങൾക്ക്, അവിടത്തെ കളക്ടീവ് ഫാമിലെ സന്ദർശകഡയറിയിൽ മൂവാറ്റുപുഴ മുനിസിപ്പൽ ചെയർമാന്റെ കൈയൊപ്പു കാണാൻ കഴിഞ്ഞു.

നാഷണൽ ഹെറാൾഡ് പത്രത്തിന്റെ അധിപനായിരുന്ന ചലപതി റാവു, പേടിയട്ട് പത്രസ്ഥാപനത്തിന്റെ മാനേജരായിരുന്ന വിശ്വനാഥൻ എന്നിവരൊന്നിച്ചാണ് 1967-ൽ ഞാൻ എസ്റ്റോണിയയിലെത്തിയത് (ആ സന്ദർശനത്തിന്റെ ഓർമ പുതുക്കാൻ ഇന്ന് ഞാൻ മാത്രമേ അവശേഷിച്ചിട്ടുള്ളൂ).

എസ്തോണിയയിലെ മുഖ്യമന്ത്രി (മിനിസ്റ്റർമാരുടെ കൗൺസിലിന്റെ ചെയർമാൻ) ആയിരുന്ന വാൾട്ടർ ക്ലൗസ്റൗമുമായി ദീർഘനേരം സംസാരിക്കാൻ അന്നു ഞങ്ങൾക്ക് അവസരം ലഭിച്ചു. സോവിയറ്റ് യൂനിയനിൽ അംഗമായതുകൊണ്ട് എസ്റ്റോണിയയ്ക്കു കൈവന്ന ഭൗതിക പുരോഗതി അദ്ദേഹം ഞങ്ങൾക്ക് വിവരിച്ചുതന്നു. എസ്റ്റോണിയക്കാർ സ്വമേധയാ സോവിയറ്റ് യൂനിയനിൽ ചേർന്നതാണെന്നും, സോവിയറ്റ് യൂനിയനിൽനിന്ന് ഇനി അവർ വിട്ടുപോകുന്ന പ്രശ്നമില്ലെന്നും അവർ ഉറപ്പിച്ചുപറഞ്ഞു. എങ്കിലും എസ്റ്റോണിയയിലെ കർഷകജനത, മറ്റ് എങ്ങുമെന്നപോലെ, സ്വത്തു മോഹക്കാരും

സമ്പാദ്യവാസനക്കാരുമാണ്. വിദ്യാഭ്യാസത്തിലൂടെ അവരിൽ സോഷ്യലിസ്റ്റ് സംസ്കാരം വളർത്തുകയെന്ന കൃച്ഛ്രസാധ്യമായ യത്നത്തിലാണ് തങ്ങൾ ഏർപ്പെട്ടിരിക്കുന്നത് എന്ന് ക്രൗസ്റൗം ഞങ്ങളെ അറിയിച്ചു.

ആ യത്നം സഫലമായോ? ഈ ലേഖനത്തിന്റെ തുടക്കത്തിൽ നിർദേശിച്ച 'ഹിന്ദു'വാർത്തയിൽ ലേഖകൻ ബടുക്ഗാനി എഴുതുന്നു:

'എസ്റ്റോണിയക്കാർക്ക് റഷ്യക്കാരുമായി സമാനഭാവങ്ങൾ വളരെ കുറച്ചേ ഉള്ളൂ. എസ്റ്റോണിയയിലെ അന്തരീക്ഷം കൂടുതലും സ്കാൻഡിനേവിയനും ജർമനുമാണ്. എസ്റ്റോണിയയിലെയും മറ്റു ബാൾട്ടിക് സ്റ്റേറ്റുകളിലെയും (ലിത്വാനിയ, ലാറ്റ്‌വിയ) ജനങ്ങളുടെ ജീവിതനിലവാരം മറ്റു സോവിയറ്റ് റിപ്പബ്ലിക്കുകളിലുള്ളവരുടേതിനെക്കാൾ ഉയർന്നതാകുന്നു. എസ്റ്റോണിയയിലെ ദൃശ്യകലകൾക്കും നാടകത്തിനും കൂടുതൽ ചായ്‌വ് പടിഞ്ഞാറേ യൂറോപ്പിലെ സംസ്കാരത്തോടത്രെ. മിക്ക എസ്റ്റോണിയക്കാരും പടിഞ്ഞാറേ യൂറോപ്പിലെ, പ്രത്യേകിച്ച്, വടക്കുഭാഗത്ത് അമ്പതുമൈൽ മാത്രം അകലെ കിടക്കുന്ന ഫിൻലൻഡിലെ, ടെലിവിഷൻ പ്രക്ഷേപണങ്ങൾ ശ്രദ്ധിക്കുന്നു. സന്ദർശകരോട് റഷ്യൻ ഭാഷയിലല്ല, ഇംഗ്ലീഷിലാണ്, കൂടുതൽ എസ്റ്റോണിയരും സംസാരിക്കുക. റഷ്യൻ ഭാഷയിലുള്ള അവരുടെ സംസാരത്തിൽ വ്യാകരണത്തെറ്റുകളും ഉച്ചാരണവൈകല്യങ്ങളും ധാരാളമുണ്ട്.

'കൂടുതൽ രാഷ്ട്രീയാധികാരംവേണമെന്ന ആവശ്യം ഈയിടെ സോവിയറ്റ് യൂനിയനിലെ ഏഷ്യൻ റിപ്പബ്ലിക്കുകളിലും ബാൾട്ടിക് റിപ്പബ്ലിക്കുകളിലും ഉയർന്നുവന്നിട്ടുണ്ട്. ഇത് സോവിയറ്റ് ഭരണാധികൃതരുടെ മുമ്പിൽ ഗൗരവമേറിയ ചില വെല്ലുവിളികൾ ഉയർത്തിയിരിക്കുന്നു. തങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ചുരുങ്ങിയ വിലയ്ക്ക് സോവിയറ്റ് യൂനിയനിലെ മറ്റു സ്റ്റേറ്റുകൾക്കു വിൽക്കാൻ എസ്റ്റോണിയക്കാർ നിർബദ്ധരാണ്. ന്യായവില വാങ്ങിക്കൊള്ളാൻ ഇപ്പോൾ അവർക്ക് ഗോർബച്ചേവ് അനുവാദം നല്കിയിരിക്കുന്നു. എസ്റ്റോണിയയിലെ സഹകരണസ്ഥാപനങ്ങൾ ലാഭനഷ്ടക്കണക്കു(കോസ്റ്റ് അക്കൗണ്ടിങ്)വെച്ച് തുടങ്ങിയിട്ടുണ്ട്; യാഥാതഥ്യാധിഷ്ഠിതമായ വിലയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ ഇറക്കുമതിചെയ്യാനും അവർ ആരംഭിച്ചിരിക്കുന്നു.

ഏതാനും ആളുകൾ ചേർന്ന് ഒരു 'എസ്റ്റോണിയൻ ദേശീയ സ്വാതന്ത്ര്യ പാർട്ടി' രൂപവൽക്കരിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ, സോവിയറ്റ് യൂനിയനിൽനിന്ന് എസ്റ്റോണിയ വിട്ടുപോകുന്നതിനെപ്പറ്റി പ്രകടമായ പരാമർശങ്ങളൊന്നുമില്ല. അതിനാൽ എസ്റ്റോണിയയിലെ ഇപ്പോഴത്തെ സംഭവവികാസങ്ങളെപ്പറ്റി ആർക്കും ആശങ്കയില്ല. എസ്റ്റോണിയയിലെ പ്രതിസന്ധി അവിടത്തെ കമ്യൂണിസ്റ്റ്പാർട്ടിതന്നെ കൈകാര്യംചെയ്യുമെന്ന മോസ്കോ കരുതുന്നു. വംശീയ ന്യൂനപക്ഷങ്ങളുടെമേൽ പൊതുവായ നിയന്ത്രണം നിലനിർത്താനായി പ്രായോഗികമായ വിട്ടുവീഴ്ചകൾ ഇന്നോളം സോവിയറ്റ് അധികൃതർ ചെയ്തുവന്നിട്ടുണ്ട്. റഷ്യനിതരറിപ്പബ്ലിക്കുകളിലെ ജീവിതനിലവാരം ഉയർത്തുന്നതിനായും ഉല്പാദനം വർധിപ്പിക്കുന്നതിനുവേണ്ടിയും കൂടുതൽ പ്രാദേശികസ്വയംഭരണം അനുവദിച്ച് ഉദ്ഗ്രഥിതമായ ഒരു സമൂഹത്തെ ക്രമത്തിൽ വളർത്തിക്കൊണ്ടുവരികയെന്നതാണ് മോസ്കോയുടെ തന്ത്രം. അതേസമയം സോവിയറ്റ് യൂനിയന്റെ ഐക്യം സംരക്ഷിക്കുന്നതിൽ തങ്ങൾക്കുള്ള നിശ്ചയദാർഢ്യം സോവിയറ്റ് നേതാക്കൾ മറച്ചുവെച്ചിട്ടുമില്ല.'

എസ്റ്റോണിയയുടെ തലസ്ഥാനമായ ടാലിൻ പട്ടണത്തിൽ ഞങ്ങൾ ചെന്നത് 1967 ആഗസ്റ്റ് 15-ാം തീയതിയായിരുന്നു. ആഗസ്റ്റ് 15-ന്റെ പ്രാധാന്യം ഇന്ത്യക്കാരായ ഞങ്ങളുടെ ഓർമയിലുണ്ടായിരുന്നില്ല; പക്ഷേ, ഞങ്ങളുടെ സോവിയറ്റ് ആതിഥേയർ ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ച് ഞങ്ങളെ ബഹുമാനിക്കാൻ മുൻകൂട്ടി തീരുമാനിച്ചിരുന്നു. 'ഹോട്ടൽ ടാലിനിൽവെച്ചു നടന്ന ഈ ആഘോഷത്തിൽ ഭാരതീയരായ ഞങ്ങൾ മൂന്നു

പേർക്കു പുറമേ, ടാലിൻ ജേർണലിസ്റ്റ്സ് യൂണിയൻ സെക്രട്ടറി എൽമർ നിററിം, അദ്ദേഹത്തിന്റെ ഭാര്യ, എ. പി. എൻ. എന്ന റഷ്യൻ വാർത്താ ഏജൻസിയുടെ ലേഖിക തമാര ടോം ബർഗ്, ചെക്കോസ്ലോവാക്യക്കാരിയായ ഒരു പത്രപ്രവർത്തക എന്നിവരുമുണ്ടായിരുന്നു. ഞങ്ങളുടെ മേശപ്പുറത്ത് റഷ്യയിലെയും ഇന്ത്യയിലെയും പതാകകൾ സ്ഥാപിച്ചിരുന്നു. അത്താഴത്തിനിടയ്ക്ക് ചെറുപ്രസംഗങ്ങളോടൊപ്പം പാനോപചാരങ്ങളും (ടോസ്റ്റ്) നടന്നു. വോഡ്ക, പലതരം വൈനുകൾ എന്നിവയായിരുന്നു ഉപചാരപാനീയങ്ങൾ. ഈ ടോസ്റ്റുകൾക്ക് ഒരു അവസാനവുമുണ്ടാവുകയില്ലെന്നു തോന്നി. ആദ്യത്തെ ടോസ്റ്റ് ഇന്ത്യാ–സോവിയററ് മൈത്രിക്കുവേണ്ടിയുള്ളതായിരുന്നു. ഓരോ ടോസ്റ്റിനും ഗ്ലാസ്സിലെ വോഡ്ക മുഴുവൻ ഒററയിറക്കിനു കുടിക്കുക അനുപേക്ഷണീയമായിരുന്നു. രണ്ടാമത്തെ ടോസ്റ്റ് രണ്ടു കാലുകൾക്കുബലം കിട്ടാൻ; മൂന്നാമത്തെ ടോസ്റ്റ്, മൂന്ന് എന്ന സംഖ്യയെ ദൈവം അനുഗ്രഹിച്ചിട്ടുള്ളതിനാൽ; നാലാമത്തേത് വീട്ടിലെ നാലു മൂലകളിലും വെളിച്ചംവേണ്ടതിനാൽ; അഞ്ചാമത്തേത്....

അങ്ങനെ ടോസ്റ്റുകൾ നീണ്ടുപോയി. ഇതിനിടയിൽ അടുത്ത മേശമേൽ ഭക്ഷണം കഴിച്ചിരുന്ന ഉക്രെയിൻകാരനായ ഒരു പത്രപ്രവർത്തകൻ വന്ന് ഇന്ത്യൻ സുഹൃത്തുക്കൾക്ക് ആശംസകളും പൂക്കളും ചില ലഘുസമ്മാനങ്ങളും (ഒരു പാവ, ഒരു മുദ്ര മുതലായവ) തന്നു. ഒടുവിൽ ഭക്ഷണമുറിയിലെ മേശകളെല്ലാം ഒഴിയുകയും ഹോട്ടൽ പൂട്ടേണ്ട സമയം അതിക്രമിക്കുകയുംചെയ്തപ്പോൾ, വെയ്ററർമാർ വിളക്കുകൾ കെടുത്തി പല തവണ അടയാളം കാണിച്ചതിനുശേഷം, ഡിന്നർ കഴിഞ്ഞ് ഞങ്ങൾ എഴുന്നേററത് അർദ്ധരാത്രി കഴിഞ്ഞിട്ടായിരുന്നു. അപ്പോഴും ആതിഥേയർ ഞങ്ങളെ വിട്ടില്ല. നിലത്ത് ഉരുളൻകല്ലുകൾ പാകിയ, നിഴൽനിറഞ്ഞ, തെരുവുകളിലൂടെ നടന്ന് ഞങ്ങൾ തമാരയുടെ രണ്ടു മുറികളും ഒരു ഇടനാഴിയുമുള്ള വീട്ടിലേക്കു പോയി. തമാര വീട്ടിൽ ഒററയ്ക്കാണ് പാർത്തിരുന്നത്. എല്ലാ ചുവരുകളിലും കാർട്ടൂണുകൾ ഒട്ടിച്ചിരുന്നു. ബാത്ത്റൂമിലെ ചുവർ നിറയെ പത്രങ്ങളിൽനിന്നു വെട്ടിയെടുത്ത ചിത്രങ്ങൾ. രണ്ടു മുറികളിലും ഒട്ടുവളരെ പുസ്തകങ്ങൾ. മംഗോളിയക്കാർ തുണിയിൽ വരച്ച വലിയ ഒരു ബുദ്ധചിത്രവും അവിടെ ഞങ്ങൾ കണ്ടു. 'പഞ്ച്' എന്ന മദ്യമിശ്രവും കാപ്പിയും കുടിച്ച് വെളുപ്പിനു രണ്ടുമണിവരെ ഞങ്ങൾ അവിടെ ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

അഞ്ചു വർഷത്തിലൊരിക്കൽ എസ്റ്റോണിയൻ ദേശീയ ഗാനോത്സവം നടത്തുന്ന 'തുറന്ന തിയേററർ' പിറേറന്നു ഞങ്ങൾ കണ്ടു. കുറെ മുമ്പു നടന്ന ദേശീയ ഗാനോൽസവത്തിൽ, നാല്പതിനായിരം ആളുകൾ ചേർന്നാണ് ഇവിടെ എസ്തോണിയൻ ഭാഷയിലുള്ള പാട്ടുകൾ പാടിയത് എന്ന് ഞങ്ങളുടെ ആതിഥേയർ പറഞ്ഞു. ഒരു കുന്നിൻചെരിവും കടൽപ്പുറംവരെ പരന്നുകിടക്കുന്ന ഒരു മൈതാനവും അടങ്ങിയതായിരുന്നു ഈ 'തുറന്ന തിയേററർ'.

സോവിയററ് യൂനിയനകത്ത് എസ്റ്റോണിയയ്ക്കുള്ള പദവിയും താരതമ്യേന ഉയർന്ന ജീവിതനിലവാരവും, ജനജീവിതത്തിൽ നിഴലിച്ചിരുന്ന സംതൃപ്തിയും അന്നു കണ്ടറിയാൻ സാധിച്ചതിനാലാണ്, ഇരുപത്തൊന്നു വർഷത്തിനുശേഷം ആ രാജ്യത്ത് ഇന്നു കൂടുതൽ സ്വയംഭരണത്തിനുവേണ്ടിയുള്ള ഒരു പ്രസ്ഥാനം ഉടലെടുത്തിട്ടുള്ളതായി വായിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നിയത്. പക്ഷേ, രണ്ടുലക്ഷം എസ്റ്റോണിയക്കാർ അവരുടെ തുറന്ന തിയേറററിൽ ഒത്തുചേർന്ന് എസ്തോണിയൻ ഭാഷയിലെ പാട്ടുകൾ സംഘഗാനമായി പാടിയെങ്കിൽ, അവരുടെ ദേശീയസംസ്കാരത്തിന്റെ ഉജ്ജ്വലമായ ഒരു ചിത്രമായി മാത്രമേ അതിനെ ഞാൻ കാണുകയുള്ളൂ.

(16 സെപ്റ്റംബർ, 1988)